എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

ഊർജ്ജസംരക്ഷണദിന പ്രത്യേക പതിപ്പ്

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 3, ലക്കം 01 | 2022 ജനുവരി 05



## സന്ദേശം

**അ**ന്തരീക്ഷത്തിലുള്ള കാർബൺ ഡയോക്സൈഡ് ബഹിർഗമനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ 'കാർബൺ ന്യൂട്രൽ കേരള' പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കാർബൺ ന്യൂട്രൽ ആകുന്നതിന്റെ ആദ്യ പടി ഊർജ്ജ കാര്യക്ഷമത കൈവരിക്കുക എന്നതാണ്. ഈ കാഴ്ചപ്പാടോടെയുള്ള പ്രവർത്തനങ്ങളാണ് എനർജി മാനേജ്മെന്റ് സെന്റർ നടത്തിവരുന്നത്.

2021 ലെ ഊർജ്ജ സംരക്ഷണ ദിനവുമായി ബന്ധപെട്ട് എനർജി മാനേജ്മെന്റ് സെന്റർ പ്രസിദ്ധീകരിക്കുന്ന പ്രത്യേക ന്യൂസ്‌ലെറ്ററിനു എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

## കേരള സർക്കാർ ഊർജ്ജ സംരക്ഷണ അവാർഡ് 2021 പ്രഖ്യാപിച്ചു




വൻകിട ഊർജ്ജ ഉപഭോതാക്കളിൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ഉദ്യോഗമണ്ഡൽ അവാർഡിനർഹരായി (വിശദമായ വാർത്ത പേജ് 2 ൽ)



# കേരളത്തിന് ഇക്കൊല്ലവും ദേശീയ ഊർജ്ജ കാര്യക്ഷമതാ പുരസ്കാരം

ദേശീയ ഊർജ്ജ കാര്യക്ഷമതാ പുരസ്കാരം ഏറ്റുവാങ്ങി കേരളം. ബഹു. കേന്ദ്ര ഊർജ്ജവകുപ്പ് മന്ത്രി ശ്രീ. ആർ.കെ. സിങിൽനിന്നും കേരള ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ആർ.കെ. സിൻഹ IAS പുരസ്കാരം ഏറ്റുവാങ്ങി. സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും ഊർജ്ജ കാര്യക്ഷമത വിലയിരുത്തുന്ന ദേശിയ ഊർജ്ജ കാര്യക്ഷമത സൂചികയിൽ ഗ്രൂപ്പ് രണ്ട് വിഭാഗത്തിലാണ് കേരളത്തിന് പുരസ്കാരം ലഭിച്ചത്. 53 പോയിന്റുമായി ഈ വിഭാഗത്തിൽ കേരളം രണ്ടാം സ്ഥാനം സ്വന്തമാക്കി. 58 പോയിന്റുമായി പഞ്ചാബ് ഗ്രൂപ്പിൽ ഒന്നാം സ്ഥാനത്തെത്തി. കാർഷിക രംഗം, വൈദ്യുത വിതരണരംഗം, ഗതാഗതം, വ്യവസായികരംഗം, ഗാർഹികരംഗം എന്നീ മേഖലകളിലെ ഊർജ്ജ കാര്യക്ഷമത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് കേരളത്തിന് പുരസ്കാരം ലഭിച്ചത്.

# ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ വ്യക്തമായ അവബോധം സൃഷ്ടിച്ചെടുക്കണം; ബഹു. വൈദ്യുതി വകുപ്പ് മന്ത്രി

**ഊർജ്ജസംരക്ഷണത്തിന്റെ** പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ വ്യക്തമായ അവബോധം സൃഷ്ടിച്ചെടുക്കണമെന്ന ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി പറഞ്ഞു. ഈ പ്രവർത്തനങ്ങളിലൂടെ ലഭിക്കുന്ന സാമ്പത്തിക ലാഭത്തെക്കുറിച്ച് സാധാരണക്കാർക്ക് കൃത്യമായ ധാരണയുണ്ടാകണമെന്നും പറഞ്ഞു.

കേരളത്തിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിൽ സ്തുത്യർഹമായ സംഭാവനകൾക്കായി നൽകുന്ന ഊർജ്ജ സംരക്ഷണ അവാർഡുകൾ വിതരണം ചെയ്യുന്ന ചടങ്ങ് 2021 ഡിസംബർ 14ന് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള സർക്കാർ



വൈദ്യുത വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി സംസാരിക്കുന്നു

ഏർപ്പെടുത്തിയ അവാർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് എനർജി മാനേജ്മെന്റ് സെന്ററാണ്. സർക്കാർ നിയോഗിച്ച സംസ്ഥാനതല ജഡ്ജിങ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് അപേക്ഷകൾ വിലയിരുത്തി അവാർഡുകൾ പ്രഖ്യാപിച്ചത്. വൻകിട ഊർജ്ജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ/ സംഘടനകൾ എന്നീ വിഭാഗങ്ങളിലായാണ് അപേക്ഷകൾ ക്ഷണിച്ചത്. 2021 ൽ ആകെ 78 അപേക്ഷകരാണ് ഉണ്ടായിരുന്നത്. അവാർഡ് അപേക്ഷകരെല്ലാം കൂടി 621 MU വൈദ്യുതിയും, 45345 ടൺ എണ്ണയും ലാഭിച്ചു.

KSEBL ചെയർമാൻ ഡോ. ബി. അശോക് ഐ.എ.എസ്. ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ ചടങ്ങിന് സ്വാഗതം ആശംസിച്ചു. അനെർട്ടിന്റെ സി.ഇ.ഓ. ശ്രീ നരേന്ദ്രനാഥ് വേലൂരി ഐ.എഫ്.എസ്., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ. വി.സി. അനിൽകുമാർ എന്നിവർ പങ്കെടുത്തു. ഇ.എം.സി ജോയിന്റ് ഡയറക്ടർ ശ്രീ. ദിനേശ് കുമാർ എ.എൻ. പരിപാടിക്ക് നന്ദി പറഞ്ഞു.

(അവാർഡ് ജേതാക്കളുടെ പട്ടിക പേജ് എട്ടിൽ).



ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ വിഭാഗത്തിൽ മിൽമ പാലക്കാട് ഡയറി അവാർഡ് ഏറ്റുവാങ്ങുന്നു



കെട്ടിടങ്ങൾ വിഭാഗത്തിൽ ഗേറ്റ്‌വേ വർക്കല-ഐഎച്ച്സിഎൽ സെലക്ഷൻസ്, അവാർഡ് ഏറ്റുവാങ്ങുന്നു



സംഘടനകൾ/സ്ഥാപനങ്ങൾ എന്ന വിഭാഗത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അവാർഡ് ഏറ്റുവാങ്ങുന്നു



വ്യക്തിഗത വിഭാഗത്തിൽ ശ്രീമതി. മല്ലിക ജി. പ്രശസ്തിപത്രം ഏറ്റുവാങ്ങുന്നു

# തിരുവനന്തപുരം നഗരത്തിൽ ഹരിതയാത്ര സംഘടിപ്പിച്ചു

**"മാ**റാം ഇലക്ട്രിക് വാഹനങ്ങളിലേക്ക്" എന്ന സന്ദേശമുയർത്തിക്കൊണ്ട് എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരത്തിൽ 2021 ഡിസംബർ 13 ന് ഹരിതയാത്ര സംഘടിപ്പിച്ചു. പാളയം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ആരംഭിച്ച വാഹന റാലി നടൻ ടോവിനോ തോമസ് ഫ്ലാഗ് ഓഫ് ചെയ്തു. "മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ്. അത് കൊണ്ട് തന്നെ പ്രകൃതിയെ സംരക്ഷിക്കുക എന്നത് മനുഷ്യന്റെ നിലനിൽപ്പിന് അനിവാര്യമാണ്. ഇതിനായി കാർബൺ രഹിത ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറേണ്ടതുണ്ട്" എന്ന് ടോവിനോ പറഞ്ഞു.

എം.എൽ.എമാരായ ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. വി.കെ. പ്രശാന്ത്, യുവജന കമ്മീഷൻ അധ്യക്ഷ ശ്രീമതി. ഡോ. ചിന്ത ജെറോം, ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ തുടങ്ങിയവർ പങ്കെടുത്തു.


സർക്കാർ– പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യകമ്പനികൾ, വ്യക്തികൾ എന്നിവരെ പങ്കെടുപ്പിച്ച് കൊണ്ടാണ് റാലി സംഘടിപ്പിച്ചത്.



സിനിമാതാരം ശ്രീ. ടൊവിനോ തോമസ് ഹരിതയാത്ര ഫ്ലാഗ് ഓഫ് ചെയ്യുന്നു




ഹരിതയാത്രയുടെ ഉദ്ഘാടനവേദിയിൽ നിന്ന്



തിരുവനന്തപുരം നഗരത്തിലൂടെയുള്ള ഇലക്ട്രിക് വാഹനങ്ങളുടെ ഹരിതയാത്ര

# ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്ക് നിർണ്ണായകം: ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി

**ഊ**ർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്ക് നിർണ്ണായകമാണെന്ന് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. ദേശീയ ഊർജ്ജസംരക്ഷണ പക്ഷാചരണത്തിന്റെ ഭാഗമായി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി, നാഷണൽ തെർമ്മൽ പവർ കോർപ്പറേഷൻ, എനർജി മാനേജ്മെന്റ് സെന്റർ എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ചിത്രരചന മത്സരത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുക ആയിരുന്നു അദ്ദേഹം. സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്കിടയിൽ ഊർജ്ജസംരക്ഷണ ക്യാമ്പയിനുകൾ ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.




ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി സംസാരിക്കുന്നു

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എം.കെ. ഷൈൻമോൻ മുഖ്യപ്രഭാഷണം നടത്തി. ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ, വഴുതക്കാട് വാർഡ് കൗൺസിലർ ശ്രീമതി. രാഖി രവികുമാർ, കായംകുളം എൻ.ടി.പി.സി അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. എം. ബാലസുന്ദരം, കോട്ടൺഹിൽ ഹയർ സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. വിൻസെന്റ്. എ, പ്രിൻസിപ്പാൾ ശ്രീമതി. ലീന. എം, പി.ടി.എ പ്രസിഡന്റ് ശ്രീ. ആർ. പ്രദീപ് കുമാർ, എസ്. ഇ. പി ജില്ലാ കോർഡിനേറ്റർ ഡോ. അജിത് കുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഇന്ത്യയിലാകെ 34,000 ൽ അധികം കുട്ടികളാണ് ചിത്രരചന മത്സരത്തിൽ പങ്കെടുത്തത്. ഇതിൽ 14,000 പേരും കേരളത്തിൽ നിന്നുള്ളവരാണ്.

വിവിധ വിദ്യാഭ്യാസ ജില്ലകളിലെ
ദേശീയ ചിത്രരചനാ മത്സരത്തിന്റെ ഉൽഘാടനം




തൃശ്ശൂർ വിദ്യാഭ്യാസ ജില്ലയിൽ നടന്ന പരിപാടി ബഹു. തൃശ്ശൂർ എം.എൽ.എ ശ്രീ. പി. ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു




പാലക്കാട് വിദ്യഭ്യാസ ജില്ലയിലെ പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ. ബിനുമോൾ ഉദ്ഘാടനം ചെയ്യുന്നു



കൊല്ലം വിദ്യാഭ്യാസ ജില്ലയിലെ മത്സരത്തിൽ വിദ്യാർത്ഥികൾക്കൊപ്പം ബഹു. ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ.എൻ. ബാലഗോപാൽ



എറണാകുളം വിദ്യാഭ്യാസ ജില്ലയിലെ പരിപാടി ബഹു. എം.എൽ.എ ശ്രീ. അൻവർ സാദത്ത് ഉദ്ഘാടനം ചെയ്യുന്നു

# ഊർജ്ജസംരക്ഷണ പക്ഷാചരണം നടത്തി

**ഇ**ന്ത്യ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം 'ആസാദി കാ അമൃത് മഹോത്സവ്' ആയി ആഘോഷിക്കുകയാണ്. ഇന്ത്യയുടെ മഹത്തായ ചരിത്രത്തെയും സംസ്കാരത്തെയും നേട്ടങ്ങളെയും ആഘോഷിക്കുന്ന നിരവധി സംരംഭങ്ങളിലൂടെയും പരിപാടികളിലൂടെയും സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷത്തെ അടയാളപ്പെടുത്തുവാനാണ് ഭാരത സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട്, എനർജി മാനേജ്മെന്റ് സെന്റർ 2021 ഡിസംബർ 1 മുതൽ 2021 ഡിസംബർ 14 വരെ ഊർജ്ജസംരക്ഷണ പക്ഷാചരണം ആഘോഷിച്ചു.

2021 ഡിസംബർ 1ന് ബഹു. ഗതാഗത മന്ത്രി, ശ്രീ. ആന്റണി രാജു ഉദ്ഘാടനം നിർവഹിച്ച ഊർജ്ജ സംരക്ഷണ പക്ഷാചരണത്തിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ സംസ്ഥാന വ്യാപകമായി ഊർജ സംരക്ഷണ ബോധവത്കരണ കാമ്പയിൻ സംഘടിപ്പിച്ചു. റസിഡൻഷ്യൽ അസോസിയേഷനുകൾ, കോളേജുകൾ, ലൈബ്രറികൾ, സർക്കാർ, പ്രൊഫഷണൽ ബോഡികൾ എന്നിവയുമായി സഹകരിച്ചാണ് കാമ്പയിൻ സംഘടിപ്പിച്ചത്. 2021 ഡിസംബർ 1 മുതൽ ഡിസംബർ 14 വരെയുള്ള കാലയളവിൽ വിവിധ സ്ഥലങ്ങളിൽ 223 ഓഫ്‌ലൈൻ സെമിനാറുകൾ സംഘടിപ്പിച്ചു. ഊർജ്ജ കാര്യക്ഷമത, ഊർജ്ജ സംരക്ഷണം, വൈദ്യുത വാഹനങ്ങൾ, "ഗോ ഇലക്ട്രിക്" കാമ്പയിൻ എന്നിവായിരുന്നു പ്രധാന വിഷയങ്ങൾ.

സ്കൂൾ വിദ്യാർത്ഥികൾ, കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, പ്രൊഫഷണലുകൾ തുടങ്ങി ജീവിതത്തിന്റെ വിവിധ തുറകളിൽ നിന്നുള്ള വിവിധ ജനവിഭാഗങ്ങൾ പരിപാടികളിൽ പങ്കെടുത്തു

ഗവൺമെന്റ് ഓർഗനൈസേഷൻ ഇൻഡസ്ട്രീസ് വിഭാഗങ്ങൾ വഴി 223 പേർ, ലൈബ്രറികൾ വഴി 8505 പേർ, പ്രൊഫഷണൽ ബോഡികൾ വഴി 1387 പേർ, റസിഡൻസ് അസോസിയേഷനുകൾ വഴി 887 പേർ എന്നിവർ പരിപാടിയുടെ ഭാഗമായി.





വിവിധയിടങ്ങളിൽ നടന്ന ബോധവത്കരണ ക്ലാസ്

# ഊർജ്ജകിരൺ ബോധവൽക്കരണ പരിപാടികൾ പുരോഗമിക്കുന്നു

എനർജി മാനേജ്മെന്റ് സെന്റർ മറ്റു സന്നദ്ധസംഘടനകളുമായി ചേർന്ന് ഊർജ്ജകിരൺ ബോധവൽക്കരണ പരിപാടികൾ കേരള മൊട്ടാകെ സംഘടിപ്പിച്ചുവരുന്നു. വൈദ്യുത വാഹനങ്ങളും വൈദ്യുത പാചകവും പ്രോത്സാഹിപ്പിക്കുന്ന 'ഗോ-ഇലക്ട്രിക്' ക്യാംപയിൻ മുൻനിർത്തിയാണ് പരിപാടികൾ സംഘടിപ്പിച്ചത്.

ഊർജ്ജകിരൺ പരിപാടികളുടെ ഭാഗമായി കേരളത്തിലെ നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് ഊർജ്ജസംരക്ഷണ റാലികൾ, ഒപ്പുശേഖരണ പരിപാടി, ബോധവൽക്കരണ പരിപാടികൾ വെബിനാറുകൾ എന്നിവയാണ് സംഘടിപ്പിച്ചത്.

2021 ഡിസംബർ 1 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ 135 ഇടങ്ങളിൽ ഊർജ്ജസംരക്ഷണ റാലികളും ഒപ്പുശേഖരണവും, 129 ഇടത്ത് ബോധവൽക്കരണ പരിപാടികളും വെബിനാറുകളും, 5 ഇടത്ത് വനിതാ സംരഭകർക്കായുള്ള ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടികൾ എന്നിവയാണ് സംഘടിപ്പിച്ചത്. പരിപാടികളിലെല്ലാമായി അൻപത്തി ആറായിരത്തിലധികം ആളുകൾ പങ്കെടുത്തു. പരിപാടികൾ ഇനിയും തുടരും.

വിവിധ ഇടങ്ങളിൽ നടന്ന പരിപാടിയിൽ 5 മന്ത്രിമാരും, 71 എം.എൽ.എമാരും, മറ്റു ജന പ്രതിനിധികളും പങ്കെടുത്തു. സെന്റർ ഫോർ എൻവയാൺമെന്റ് ആന്റ് ഡെവലപ്മെന്റിനെയാണ് ഊർജ്ജകിരൺ പരിപാടിയുടെ റിസോഴ്സ് ഏജൻസിയായി എനർജി മാനേജ്മെന്റ് സെന്റർ തിരഞ്ഞെടുത്തിട്ടുള്ളത്.



ചേലക്കരയിലെ ഒപ്പുശേഖരണ പരിപാടി
ബഹു. പിന്നോക്ക ക്ഷേമവകുപ്പ് മന്ത്രി
ശ്രീ. കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു




ഇടുക്കിയിൽ വച്ചുനടന്ന പരിപാടി
ബഹു. ജലവിഭവ വകുപ്പ് മന്ത്രി
ശ്രീ. റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു




തിരുവനന്തപുരത്ത് വച്ചുനടന്ന പരിപാടി
ബഹു. ഗതാഗത വകുപ്പ് മന്ത്രി
ശ്രീ. ആന്റണി രാജു ഉദ്ഘാടനം ചെയ്യുന്നു




കോഴിക്കോട് വച്ചുനടന്ന പരിപാടി
ബഹു. തുറമുഖ മ്യൂസിയം വകുപ്പ് മന്ത്രി
ശ്രീ. അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്യുന്നു




മഞ്ചേശ്വരത്ത് വച്ച നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. എ.കെ.എം. അഷറഫ് ഉദ്ഘാടനം ചെയ്യുന്നു




കാസർഗോഡ് വച്ച നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. എൻ.എ. നെല്ലിക്കുന്ന് ഉദ്ഘാടനം ചെയ്യുന്നു




ഉദുമയിൽ വച്ച നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. സി.എച്ച്. കുഞ്ഞമ്പു ഉദ്ഘാടനം ചെയ്യുന്നു




കാഞ്ഞങ്ങാട് വച്ച നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. ഇ. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു



തൃക്കരിപ്പൂർ വച്ച നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. എം. രാജഗോപാൽ ഉദ്ഘാടനം ചെയ്യുന്നു




പയ്യന്നൂർ വച്ച നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. ടി.ഐ. മധുസൂധനൻ ഉദ്ഘാടനം ചെയ്യുന്നു



തളിപ്പറമ്പ് വച്ച് നടന്ന ഒപ്പുശേഖരണ പരിപാടി ബഹു. എം.എൽ.എ ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു



മട്ടന്നൂർ വച്ച് നടന്ന ഒപ്പുശേഖരണ പരിപാടി ബഹു. എം.എൽ.എ ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു




പേരാവൂർ വച്ച് നടന്ന ഒപ്പുശേഖരണ പരിപാടി ബഹു. എം.എൽ.എ അഡ്വ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യുന്നു



കൽപ്പറ്റ വച്ച് നടന്ന പരിപാടി ബഹു. എം.എൽ.എ ശ്രീ. ടി. സിദ്ദീഖ് ഉദ്ഘാടനം ചെയ്യുന്നു



കുന്നമംഗലം വച്ച് നടന്ന പരിപാടി ബഹു. എം.എൽ.എ ശ്രീ. പി.റ്റി.എ. റഹീം ഉദ്ഘാടനം ചെയ്യുന്നു




കോണ്ടോട്ടിയിൽ വച്ച് നടന്ന പരിപാടി ബഹു. എം.എൽ.എ ശ്രീ. ടി.വി. ഇബ്രാഹീം ഉദ്ഘാടനം ചെയ്യുന്നു

EMC YouTube page

EMC Facebook page



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256

| കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ അവാർഡ് ജേതാക്കൾ 2021 | |
|---|---|
| **വിഭാഗം : വൻകിട ഊർജ്ജ ഉപഭോക്താക്കൾ** | |
| അവാർഡ്, ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസ് | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ഉദ്യോഗമണ്ഡൽ |
| പ്രശസ്തിപത്രം | നിറ്റാ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ്, ജലാറ്റിൻ ഡിവിഷൻ, കാക്കനാട് |
| **വിഭാഗം : ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ** | |
| അവാർഡ്, ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസ് | മിൽമാ പാലക്കാട് ഡയറി, MRCMPU ലിമിറ്റഡ് |
| പ്രശസ്തിപത്രം | ഇൻഡേൻ ബോട്ടിലിംഗ് പ്ലാന്റ്, കൊച്ചി |
| **വിഭാഗം : ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ** | |
| പ്രശസ്തിപത്രം | ബി.ഇ.എം.എൽ. ലിമിറ്റഡ്, പാലക്കാട് കോംപ്ലക്സ് |
| **വിഭാഗം : കെട്ടിടങ്ങൾ** | |
| അവാർഡ്, ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസ് | ഗേറ്റ്‌വേ വർക്കല–ഐ.എച്ച്.സി.എൽ സെലക്ഷൻസ്, വർക്കല |
| **വിഭാഗം : ആർക്കിടെക്ട് ആൻഡ് ഗ്രീൻ ബിൽഡിങ്സ് കൺസൾട്ടന്റ്സ്** | |
| പ്രശസ്തിപത്രം | എഫ് 5 സസ്റ്റൈനബിലിറ്റി കൺസൾട്ടന്റ്സ്, ഇടപ്പള്ളി, കൊച്ചി |
| **വിഭാഗം : സംഘടനകൾ / സ്ഥാപനങ്ങൾ** | |
| അവാർഡ്, ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസ് | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തിരുവനന്തപുരം |
| പ്രശസ്തിപത്രം | നവാൾട് സോളാർ ആൻഡ് ഇലക്ട്രിക്ക് ബോട്സ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം<br>കേരള വാട്ടർ അതോറിറ്റി |
| **വിഭാഗം : റീട്ടെയിലേഴ്സ് ആൻഡ് ട്രേഡേഴ്സ്** | |
| പ്രശസ്തിപത്രം | ചെറുകര ഇൻഡസ്ട്രീസ് – കുളിർമ |
| **വിഭാഗം : വ്യക്തികൾ** | |
| പ്രശസ്തിപത്രം | ശ്രീ മല്ലിക ജി, പത്തനംതിട്ട |

# സർക്കാർ ആരോഗ്യ മേഖലയിലെ ഊർജ്ജകാര്യക്ഷമത


## എനർജി മാനേജ്മെന്റ് സെന്റർ നടത്തിയ പഠന റിപ്പോർട്ട്

Kerala Government operates and maintains **1283** hospitals with an overall bed strength of **37843**. Role of these hospitals in post pandemic diseases like NIPAH and COVID'19 are critical. Energy efficiency plays a vital role in optimizing the overall operational cost and serving a quality treatment in the health care sector of Kerala. Energy Audit was carried out in the year 2020-21 at 20 Family Health Centers (FHC), 1 Taluk Hospital (TH), 1 General Hospital (GH), 1 National Health Mission (NHM) Hospital and 3 Public Health Centers (PHC). **12%** of overall operational costs of these centers are spend for Energy.

### Energy Scenario


- Electrical Energy holds the major share of Energy consumed in these hospitals.
- Energy is utilised to meet the operation of various treatment equipment, lighting, ventilation and air-conditioning which shall ensure comfort of both patients and health workers.

### Energy Distribution





Air conditioning for human comfort and treatment holds the maximum share of energy demand. Ventilation requirements in the buildings are met by ceiling fans, wall fans and exhaust fans holding the second major share of energy demand. Lighting requirements for interior illumination, procedure lighting, street lighting and safety lighting holds the third major share of energy demand. Hence, energy optimization ideas are proposed concentrating in these areas.

### Energy Conservation Potential




### Anticipated Monetary Savings (INR)




1 Unit of Electricity saved is equivalent to 2 Units of Electricity generated. Accordingly, Energy Savings yields monetary savings. Annual Energy Savings to a tune of 70923 kWh accounting for a monetary savings of 10 Lakhs INR.